**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1547**
**4.10.2016 ലെ മറുപടിക്ക്**

**<u>ആസ്തി വികസന ഫണ്ട്</u>**

| | ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | ഉത്തരം<br>Dr. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും ന്യൂനപക്ഷ വിഭാഗമായ ആംഗ്ലോ ഇന്ത്യൻ സമൂഹം നടത്തുന്ന എയ്ഡഡ് സ്കൂളുകൾക്കായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുന്നതിന് പ്രത്യേക അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ (796486/2016/M(Fin & Coir) dated 22.08.2016) നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഉണ്ട്. |
| (ബി) | എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ നിവേദനത്തിലെ ആവശ്യം പരിഗണിക്കാനാവില്ല എന്ന് ഉത്തരവായിട്ടുണ്ട്. മറുപടിയുടെ പകർപ്പ് അനുബന്ധമായി നൽകുന്നു. |

**സെക്ഷൻ ഓഫീസർ**

Sectt. 37. 3/462/2015/1 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

നം.E.**297505**/എൻ.സി-ബി3/2016/ധന

ധനകാര്യ (**നോഡൽ സെന്റർ-ബി**) വകുപ്പ്,
തിരുവനന്തപുരം,
തീയതി: **27.09.2016**

**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി.**

**ശ്രീ.ജോൺ ഫെർണാണ്ടസ്, എം.എൽ.എ.(നോമിനേറ്റഡ്)**
നിനവ്, ഇടക്കൊച്ചി,
എറണാകുളം-682 006.

സർ,

വിഷയം :- ആസ്തി വികസന ഫണ്ടിൽ നിന്നും എയ്ഡഡ് സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കുന്നത് -- സംബന്ധിച്ച്.

സൂചന :- 1. സ.ഉ. നം.(പി)332/2012/ധന തീയതി 11.06.2012.
2. ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച 9.8.2016 ലെ താങ്കളുടെ JF/NOM-16/66 നം. കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1 പ്രകാരം പുറപ്പെടുവിച്ചിരിക്കുന്ന നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയ്ക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ദീർഘകാലം നിലനിൽക്കുന്ന മൂലധന സ്വഭാവമുള്ളതും സർക്കാർ അധീനതയിലുള്ളതുമായ ആസ്തികളുടെ നിർമ്മിതിക്കായാണ് ആസ്തി വികസന ഫണ്ട് ഉപയോഗിക്കുവാൻ വ്യവസ്ഥയുള്ളത്. ആയതിനാൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത് നിലവിലെ ഉത്തരവിന് വിരുദ്ധമായതിനാലും ആയത് ഒരു തെറ്റായ കീഴ് വഴക്കം സൃഷ്ടിക്കുമെന്നതിനാലും താങ്കളുടെ ശുപാർശയിന്മേൽ അനുമതി നൽകാൻ നിർവാഹമില്ലെന്ന് അറിയിക്കുന്നു.

ഇതിന് ബഹു. ധന മന്ത്രിയുടെ അംഗീകാരമുണ്ട്.

വിശ്വസ്തതയോടെ,

**എസ് വി കല,**
**ജോയിന്റ് സെക്രട്ടറി(ധനകാര്യം),**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി.**